പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2656 — 21/06/2012 ൽ മറുപടിയ്ക്ക്

**ആധാർ മാതൃകയിൽ യൂണീക് തണ്ടപ്പേര് നമ്പർ (യു.ടി.എൻ.)**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ: | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സ്വന്തമായി ഭൂമിയുള്ള എല്ലാവർക്കും ആധാർ മാതൃകയിൽ യൂണിക് തണ്ടപ്പേര് നമ്പർ (യു.ടി.എൻ.) കാർഡ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്.<br>ഒരു പൗരനെ സംബന്ധിക്കുന്ന അത്യാവശ്യ വിവരങ്ങളെല്ലാം യുണീക്ക് തണ്ടപ്പേര് കാർഡിൽ ലഭ്യമാക്കുവാൻ കഴിയും. പേരും, മേൽ വിലാസവും, വസ്തു സംബന്ധിക്കുന്ന വിവരങ്ങൾ, ജാതി, കുടുംബം, വരുമാനം, ക്രിമിനൽ പശ്ചാത്തലം ഇവയെല്ലാം കാർഡിൽ നിന്നും ലഭ്യമാക്കുവാൻ കഴിയും. |
| (ബി) ആയതിലേക്ക് എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു; ഇതിന് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പാലക്കാട്, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് 19 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) യു.ടി.എൻ. കാർഡ് നടപ്പിലാക്കിയാൽ നിലവിൽ വില്ലേജ് ഓഫീസിൽ നിന്നും വിവിധ സർട്ടിഫിക്കറ്റ് ലഭിക്കാൻ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കപ്പെടുമോ; | (സി) | പരിഹരിക്കപ്പെടും. |
| (ഡി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്നും ഇത് ആദ്യമായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ജില്ലകൾ ഏതെന്നും വ്യക്തമാക്കുമോ? | (ഡി) | ഒരു വ്യക്തിയെ സംബന്ധിക്കുന്ന റവന്യൂ സംബന്ധമായ എല്ലാ രേഖകളും ഒരു കാർഡിൽ ലഭ്യമാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് യുണീക് തണ്ടപ്പേര് കാർഡ്. ഇതുവഴി ഓരോ വ്യക്തിക്കും ഒരു 10 അക്ക കോഡ് നമ്പർ ലഭിക്കുന്നതാണ്. നിശ്ചിത വെബ് സൈറ്റിൽ ഈ നമ്പർ രേഖപ്പെടുത്തിയാൽ വ്യക്തിയെ സംബന്ധിക്കുന്ന താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാകും.<br>1. പേരും സ്ഥിരം മേൽ വിലാസവും<br>2. പേരും താൽക്കാലിക മേൽ വിലാസവും<br>3. ഫോട്ടോ, കണ്ണിന്റെ ഐറിസ്, വിരലടയാളം |

4. വസ്തു സംബന്ധിക്കുന്ന വിവരങ്ങൾ
5. ജാതി, കുടുംബം, വരുമാനം
6. ക്രിമിനൽ പശ്ചാത്തലം

വിവിധ ആവശ്യങ്ങൾക്ക് വിവിധ ഓഫീസുകൾ കയറി ഇറങ്ങേണ്ട ദുരവസ്ഥയ്ക്ക് പരിഹാരം കാണുവാൻ കഴിയും. ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കുവാനും സേവന മേഖലയിൽ സുതാര്യതയും വേഗതയും ഉറപ്പു വരുത്തുവാനും ഇതു മൂലം കഴിയും.

പാലക്കാട്, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പി-ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ